# 35. മതസ്ഥാപനങ്ങളെ ദുരുപയോഗപ്പെടുത്തൽ

മതസ്ഥാപനങ്ങളെ ദുരുപയോഗപ്പെടുത്തുന്നതു് തടയുന്നതിനുള്ള 1988–ലെ നിയമം, പാർലമെൻറ് പാസ്സാക്കിയ രൂപത്തിൽ, 1988 മെയ് 26 മുതൽ നടപ്പിൽവന്നിരിക്കയാണു്.

ഈ നിയമം റദ്ദാക്കണമെന്ന ആവശ്യം കേരളത്തിൽ ചിലർ ഉന്നയിക്കുന്നതായി കാണുന്നു. നിയമത്തിൻെറ ഉദ്ദേശ്യത്തെപ്പററിയും രൂപത്തെപ്പററിയും ശരിയായി മനസ്സിലാക്കാത്തതുകൊണ്ടാണു് ഇങ്ങനെ ഒരു ആവശ്യം അവർ മുന്നോട്ടുവെക്കുന്നതു് എന്നു കരുതാനേ നിർവാഹമുള്ളൂ.

നിയമം പാർലമെൻറിൽ അവതരിപ്പിച്ചുകൊണ്ടു് ആഭ്യന്തരമന്ത്രി ബൂട്ടാസിംഹ് ചെയ്ത പ്രസ്താവനയിൽ, ഇത്തരമൊരു നിയമം രൂപപ്പെടുത്തേണ്ടിവന്ന സാഹചര്യം വ്യക്തമാക്കിയിരുന്നു.

പഞ്ചാബിൽ അമൃത്സറിലെ സുവർണക്ഷേത്രത്തെ ചിലർ ഇന്ത്യാഗവൺമെൻറിനെതിരെ കലാപം നടത്തുന്നതിനുള്ള ആയുധപ്പുരയാക്കിമാററിയപ്പോൾ, അവിടെ ആയുധസംഭരണവും രാഷ്ട്രീയപ്രവർത്തനങ്ങളും തടയുന്നതിനുവേണ്ടി 1988 മെയ് 26–ാം തീയതി ഒരു ഓർഡിനൻസ് രാഷ്ട്രപതി പ്രഖ്യാപിക്കുകയുണ്ടായി. മതസ്ഥാപനങ്ങൾ സ്വന്തം കെട്ടിടങ്ങളിൽ ആയുധങ്ങളും വെടിക്കോപ്പുകളും സംഭരിക്കുകയും നിലവിലുള്ള നിയമങ്ങൾക്കു വിരുദ്ധമായ വിധ്വംസനപ്രവർത്തനങ്ങൾ നടത്തുകയും വ്യത്യസ്ത ജാതി–മത–ഭാഷാ വിഭാഗങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും അനൈക്യവും വളർത്തുന്ന പരിപാടികൾ തുടർന്നുപോരുകയും ഇന്ത്യയുടെ പരമാധികാരത്തിനും ഐക്യത്തിനും അഖണ്ഡതയ്ക്കും എതിരായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നതു തടയുകയായിരുന്നു ഈ ഓർഡിനൻസിൻെറ ലക്ഷ്യം. മതസ്ഥാപനങ്ങളിലേക്കു് ആയുധങ്ങളും വെടിക്കോപ്പുകളും കൊണ്ടുവരുന്നതിനെ ഓർഡിനൻസ് തടഞ്ഞു. ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിക്കുവേണ്ടിയോ രാഷ്ട്രീയപ്രവർത്തനത്തിനു വേണ്ടിയോ മതസ്ഥാപനങ്ങളുടെ സ്വത്തു് ഉപയോഗപ്പെടുത്തരുതെന്നു് ഓർഡിനൻസ് അനുശാസിച്ചു. മതസ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന ഉത്സവങ്ങൾ, സമ്മേളനങ്ങൾ തുടങ്ങിയവയിൽ രാഷ്ട്രീയപ്രവർത്തനം അനുവദിക്കപ്പെടരുതെന്നും ഓർഡിനൻസ് വ്യവസ്ഥചെയ്തു. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരെ ശിക്ഷിക്കാൻ ഓർഡിനൻസിൽ വ്യവസ്ഥയുണ്ടായിരുന്നു.

ഈ ഓർഡിനൻസിനു് ശാശ്വതസ്വഭാവം നൽകുകയാണു് പാർലമെൻറിൽ അവതരിപ്പിച്ചു പാസ്സാക്കി നടപ്പിൽവരുത്തിയ നിയമത്തിൻെറ ഉദ്ദേശ്യം.

രാഷ്ട്രീയപ്പാർട്ടി, രാഷ്ട്രീയപ്രവർത്തനം, മതസ്ഥാപനം തുടങ്ങിയ സങ്കല്പങ്ങളെ നിയമത്തിൽ നിർവചിക്കുന്നുണ്ടു്. 1968–ലെ തിരഞ്ഞെടുപ്പുചിഹ്ന (സംവരണ–വിതരണ) നിയമമനുസരിച്ചു് ഒരു രാഷ്ട്രീയപ്പാർട്ടിയായി ഇലക്ഷൻ കമ്മീഷനു മുമ്പാകെ രജിസ്റ്റർചെയ്തതോ രജിസ്റ്റർചെയ്തതായി കരുതപ്പെടുന്നതോ ആയ സംഘടനയാണു് 'രാഷ്ട്രീയപ്പാർട്ടി'. രജിസ്റ്റർചെയ്തില്ലെങ്കിലും തിരഞ്ഞെടുപ്പിനു് സ്ഥാനാർത്ഥികളെ നിർത്തിയ സംഘടനയും 'രാഷ്ട്രീയപ്പാർട്ടി'യായി പരിഗണിക്കപ്പെടും. തിരഞ്ഞെടുപ്പിലൂടെയോ അല്ലാതെയോ രാഷ്ട്രീയാധികാരം നേടാനും പ്രയോഗിക്കാനുമായി രൂപവൽക്കരിക്കപ്പെട്ട സംഘടനകളും രാഷ്ട്രീയപ്പാർട്ടികൾതന്നെ.

രാഷ്ട്രീയസ്വഭാവമുള്ള ലക്ഷ്യങ്ങൾ മുൻനിർത്തിയോ രാഷ്ട്രീയപ്പാർട്ടികളുടെ ആശയങ്ങളും ഉദ്ദേശ്യങ്ങളും പ്രചരിപ്പിക്കുന്നതിനുവേണ്ടിയോ യോഗങ്ങൾ, പ്രകടനങ്ങൾ മുതലായവ സംഘടിപ്പിക്കുന്നതും ഫണ്ടു് പിരിക്കുന്നതും അതു

വിതരണം ചെയ്യുന്നതും ഏതെങ്കിലും തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായ വ്യക്തിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളും 'രാഷ്ട്രീയപ്രവർത്തനം' ആയി കരുതപ്പെടും.

പൊതുവായ ആരാധനയ്ക്കു് ഉപയോഗിക്കപ്പെടുന്ന സ്ഥലമോ കെട്ടിടമോ ആണ് 'മതസ്ഥാപനം'. രാഷ്ട്രീയപ്രവർത്തനത്തിനുവേണ്ടിയോ നിയമവിരുദ്ധമായ ഏതെങ്കിലും കുറ്റം ചെയ്തവരെയോ കുറ്റം ചെയ്തുവെന്ന് ആരോപിക്കപ്പെട്ടവരെയോ പാർപ്പിക്കുന്നതിനുവേണ്ടിയോ ആയുധങ്ങളും വെടിക്കോപ്പുകളും സംഭരിക്കുന്നതിനുവേണ്ടിയോ നിയമം അനുവദിക്കാത്ത വസ്തുക്കളും സാധനങ്ങളും സൂക്ഷിക്കുന്നതിനുവേണ്ടിയോ നിയമാനുസൃതമായ അനുവാദം വാങ്ങാതെ കോട്ടകളും ദുർഗങ്ങളും മറ്റു പ്രതിരോധസംവിധാനങ്ങളും കെട്ടിയുയർത്തുന്നതിനുവേണ്ടിയോ നിയമമോ കോടതിയോ നിരോധിച്ച നിയമവിരുദ്ധങ്ങളായ അട്ടിമറിപ്രവർത്തനങ്ങൾ തുടർന്നുപോകുന്നതിനുവേണ്ടിയോ വ്യത്യസ്ത ജാതി–മത–വർഗ–ഭാഷാ–പ്രദേശവിഭാഗക്കാർക്കിടയിൽ ശത്രുതയും വെറുപ്പും വിദ്വേഷവും വളർത്തുന്ന പ്രവൃത്തികൾ ചെയ്യാൻവേണ്ടിയോ ഇന്ത്യയുടെ പരമാധികാരത്തിനും ഐക്യത്തിനും അഖണ്ഡതയ്ക്കും ഹാനികരമായ കാര്യങ്ങൾ തുടർന്നു നടത്താൻ വേണ്ടിയോ രാഷ്ട്രത്തിന്റെ അന്തസ്സിനെ അപമാനിക്കുന്നതു തടയാനുള്ള 1971–ലെ നിയമത്തിന് എതിരായി എന്തെങ്കിലും പ്രവർത്തിക്കുവാൻ വേണ്ടിയോ മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താൻ, മതസ്ഥാപനങ്ങളോ അവയുടെ മാനേജർമാരോ അനുവദിച്ചുകൂടാ എന്നതാണ്, 'മതസ്ഥാപനങ്ങൾ ദുരുപയോഗപ്പെടുത്തുന്നതു തടയുന്നതിനുള്ള നിയമ'ത്തിലെ കാതലായ ഭാഗം. പാരമ്പര്യമായ ആരാധനച്ചടങ്ങുകളിൽ എന്തെങ്കിലും ആയുധങ്ങൾ ഉപയോഗിച്ചുവരുന്നുണ്ടെങ്കിൽ അവയും, സിഖുകാർക്ക് കൃപാണവും മതസ്ഥാപനങ്ങളിലേക്കു കൊണ്ടുവരാം; മറ്റു തരത്തിലുള്ള ആയുധങ്ങൾ മതസ്ഥാപനങ്ങളിൽ കൊണ്ടുവരുന്നതു് നിരോധിച്ചിരിക്കുന്നു.

മതസ്ഥാപനങ്ങളുടെ സ്വത്തുക്കൾ ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിക്കുവേണ്ടിയോ രാഷ്ട്രീയപ്രവർത്തനത്തിനുവേണ്ടിയോ കുറ്റമെന്നു നിയമം വിധിക്കുന്ന പ്രവർത്തനങ്ങൾ നടത്താൻ വേണ്ടിയോ ഉപയോഗിച്ചുകൂടാ. മതസ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന ഉത്സവങ്ങളും ആഘോഷങ്ങളും മറ്റും രാഷ്ട്രീയപ്രവർത്തനത്തിന് ഉപയോഗപ്പെടുത്താനും പാടില്ല.

ഈ നിയമം ലംഘിക്കുന്ന മതസ്ഥാപനങ്ങളുടെ മാനേജർമാർക്കും മറ്റുള്ളവർക്കും അഞ്ചു വർഷത്തോളം തടവും പതിനായിരം രൂപവരെ പിഴയും വിധിക്കാൻ നിയമം അനുശാസിക്കുന്നു. ഇങ്ങനെ ശിക്ഷിക്കപ്പെടുന്നവരെ പിന്നീട് മതസ്ഥാപനങ്ങളിൽ ആറു വർഷത്തേക്ക് ജോലിക്ക് നിയമിച്ചുകൂടാ. അവരുടെ പേരിൽ ആരോപണം പ്രഥമദൃഷ്ട്യാ നിലനില്ക്കുന്നുണ്ടെന്നു ബോദ്ധ്യമായാൽ, വിചാരണസമയത്തും അവരെ മതസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ജോലികളിൽ തുടരാൻ അനുവദിക്കരുതു്. ഈ നിയമം ലംഘിച്ചുകൊണ്ടുള്ള നടപടികൾ ഉടനുടൻ അതാതു സ്ഥലത്തുള്ള പോലീസ് അധികൃതരെ അറിയിക്കേണ്ട ബാദ്ധ്യത മതസ്ഥാപനങ്ങളുടെ മാനേജർമാർക്കുണ്ട്; ഈ ബാദ്ധ്യത നിറവേറ്റാതിരിക്കുന്നതു് ഒരു കുറ്റമായിരിക്കും

ഇതാണ്, 'മതസ്ഥാപനങ്ങളെ ദുരുപയോഗപ്പെടുത്തുന്നതു തടയുന്നതിനുള്ള 1988–ലെ നിയമ'ത്തിന്റെ സ്വരൂപം.

പഞ്ചാബിലെ സിഖ് വിഘടനവാദത്തിന്റെയും ഉത്തർപ്രദേശിലെ രാമജന്മഭൂമി–ബാബരി മസ്‌ജിദ് തർക്കത്തെത്തുടർന്ന് രാജ്യത്തിന്റെ പല ഭാഗങ്ങളിലും തല്പരകക്ഷികൾ കത്തിയിളക്കുന്ന മന്ദിർ–മസ്‌ജിദ് പ്രക്ഷോഭണങ്ങളുടെയും പശ്ചാത്തലത്തിൽ, മതസ്ഥാപനങ്ങളെ തികച്ചും രാഷ്ട്രീയവിമുക്തങ്ങളാക്കേണ്ടതു് എത്രമാത്രം അനുപേക്ഷണീയമാണെന്ന കാര്യത്തിൽ രണ്ടു് അഭിപ്രായം ചിന്താശീലർക്കിടയിൽ ഉണ്ടാവുക വയ്യ. അനേകം മത

വിഭാഗക്കാർ ഇടകലർന്നു നിവസിക്കുന്ന ഇന്ത്യയിൽ സ്റ്റേറ്റ് മതനിരപേക്ഷം (സെക്യുലർ) ആയേ പറ്റൂ. രാഷ്ട്രീയം മതകാര്യങ്ങളിൽ കൈയിടരുത്. മതസ്ഥാപനങ്ങൾ രാഷ്ട്രീയകാര്യങ്ങളിലും കൈയിടരുത്. രാഷ്ട്രീയം കൈയിലെടുക്കാതെതന്നെ, മതസ്ഥാപനങ്ങൾക്ക് പ്രയോജനകരമായ ഒട്ടേറെ പ്രവർത്തനങ്ങൾ ഇന്ത്യയിൽ നിർവഹിക്കാനുണ്ട്. മതവും രാഷ്ട്രീയവും തമ്മിൽത്തമ്മിൽ വേർപെടുത്താനാവാത്തവയാണെന്നു വാദിക്കുന്നവർ ഇന്ത്യയിൽ സമാധാനമോ പുരോഗതിയോ ആഗ്രഹിക്കുന്നവരല്ല. 'മതസ്ഥാപനങ്ങളെ ദുരുപയോഗപ്പെടുത്തുന്നതു തടയുന്നതിനുള്ള 1988—ലെ നിയമ'ത്തിനെതിരായ പ്രക്ഷോഭണം കേരളത്തിൽ നടത്തുന്നവരോട്, ഈ രാഷ്ട്ര—വിരുദ്ധ പ്രവർത്തനത്തിൽനിന്ന് പിൻവാങ്ങാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ഇന്ത്യയിൽ മതന്യൂനപക്ഷങ്ങളുടെ ജീവിതഭദ്രത രാഷ്ട്രത്തിന്റെ മതനിരപേക്ഷതയെ ആശ്രയിച്ചിരിക്കുന്നു എന്ന മൗലികവസ്തുത അവർ മറക്കാതിരിക്കട്ടെ.

(10 ഒക്ടോബർ, 1988)

# 36. പതിനെട്ടു വയസ്സിൽ വോട്ട്?

സാധാരണ നിലയിൽ, ഇനി പതിന്നാലു മാസങ്ങൾകൂടി കഴിഞ്ഞാൽ ഇന്ത്യയിൽ പൊതുതിരഞ്ഞെടുപ്പ് നടക്കേണ്ടതാണ്.

പാർലമെന്റിലേക്കും സംസ്ഥാന നിയമസഭകളിലേക്കും വോട്ടുചെയ്യാനുള്ള അർഹത, ഭരണഘടനയിലെ 326—ാം വകുപ്പുമൂലം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പുകൾ എന്നും, നിശ്ചിതമായ തീയതിയിൽ ഇരുപത്തൊന്നു വയസ്സിൽ കുറയാത്തവർക്ക്, അയോഗ്യതകൾ ഇല്ലെങ്കിൽ, വോട്ടർ എന്ന നിലയിൽ പേര് രജിസ്റ്റർചെയ്യാൻ അവകാശമുണ്ടെന്നും ഈ വകുപ്പ് വിധിക്കുന്നു.

പൗരന് പ്രായപൂർത്തിവരുന്നതു് ഇരുപത്തൊന്നാം വയസ്സിലാണെന്നതാണ് ഭരണഘടനയുടെ കാഴ്ചപ്പാട്. 1875—ലെ ഇന്ത്യൻ പ്രായപൂർത്തി നിയമം, 1890—ലെ രക്ഷാകർത്തൃ—രക്ഷിത നിയമം, 1925—ലെ ഇന്ത്യൻ പിന്തുടർച്ച നിയമം, 1872_ലെ ഇന്ത്യൻ ക്രിസ്ത്യൻ വിവാഹനിയമം, 1954—ലെ പ്രത്യേക വിവാഹനിയമം മുതലായ പല നിയമങ്ങളും പ്രായപൂർത്തിയായി അംഗീകരിക്കുന്നതു് ഇരുപത്തൊന്നാം വയസ്സിനെത്തന്നെയാണ്. അതേസമയം വിവാഹത്തെ സംബന്ധിച്ചിടത്തോളം പെൺകുട്ടികൾക്ക് പതിനെട്ടാം വയസ്സിൽ പ്രായപൂർത്തി കൈവരുന്നതായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. കരാറിൽ ഒപ്പിടുന്നതിനും ഡ്രൈവിങ് ലൈസൻസ് നേടുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും മററും ആവശ്യമായ പ്രായപൂർത്തി, ആൺകുട്ടികൾക്കും പതിനെട്ടാം വയസ്സിൽ വന്നുചേരുന്നു.

ഇതിനർത്ഥം പ്രായപൂർത്തി എത്രാമത്തെ വയസ്സിൽ എന്ന കാര്യത്തിൽ ഇന്ത്യയിലെ നിയമത്തിന് ഏകാഭിപ്രായമില്ല എന്നാണ്.

മിക്ക ജനാധിപത്യ രാഷ്ട്രങ്ങളിലും പതിനെട്ടു വയസ്സായവർക്ക് വോട്ടവകാശം നൽകപ്പെട്ടിരിക്കുന്നു. ബ്രിട്ടൻ, അമേരിക്ക, സോവിയററ് യൂനിയൻ, ഫ്രാൻസ്, രണ്ടു ജർമനികൾ മുതലായ രാഷ്ട്രങ്ങളിൽ സ്ഥിതി ഇതാണ്. ക്യൂബയിലും നിക്കരാഗ്വയിലും ബ്രസീലിലും പതിനാറു വയസ്സായവർക്ക് വോട്ടവകാശം ഉണ്ട്. ജപ്പാനിൽ ഒരാൾ വോട്ടറാകുന്നതു് ഇരുപതാം വയസ്സിലാണ്.

എന്തുകൊണ്ട് ഇന്ത്യയിലെ യുവജനങ്ങൾക്ക് പതിനെട്ടാം വയസ്സിൽ വോട്ടവകാശം നൽകിക്കൂടാ?